"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി.ലിൻഷ.എം ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത OP (KAT) No.184/2023 നമ്പർ കേസിന്റെ 04/12/2024 ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2582/2025/LSGD തീയതി,തിരുവനന്തപുരം, 27-10-2025

---

പരാമർശം:-

1. സ.ഉ (പി) നമ്പർ 216/2008/തസ്വഭവ തീയതി 30/07/2008.
2. 25/03/2021-ലെ സ.ഉ (ആർ.റ്റി) നമ്പർ 771/2021/തസ്വഭവ ഉത്തരവ്.
3. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 504/2021 നമ്പർ കേസിലെ 06/02/2023-ലെ വിധിന്യായം
4. ബഹു. ഹൈക്കോടതിയുടെ ഒ.പി (കെഎറ്റി) 184/2023 നമ്പർ കേസിന്റെ 04/12/2024-ലെ വിധിന്യായം.

**ഉത്തരവ്**

പി.എസ്.സി അഡ്വൈസിലൂടെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിയമിതരാകുന്നവർക്ക് നിർബന്ധിത പ്രീസർവ്വീസ് പരിശീലനത്തിൽ പങ്കെടുത്ത് അതിന്റെ ഭാഗമായുള്ള പരീക്ഷകൾ പാസ്സായാൽ മാത്രമേ പ്രസ്തുത അഡ്വൈസ് തീയതി മുതൽ സർവ്വീസ് സീനിയോറിറ്റി നൽകുകയുള്ളൂ എന്ന് പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒ.പി (കെ.എ.റ്റി)-ലെ ഹർജിക്കാരിയായ ശ്രീമതി. ലിൻഷയ്ക്ക് 20.11.2009 തീയതിയിൽ പി.എസ്.സി അഡ്വൈസ് ലഭിയ്ക്കുകയും 10/12/2009 തീയതിയിൽ പ്രീസർവ്വീസ് പരിശീലനം ആരംഭിയ്ക്കുകയും ചെയ്തിരുന്നു. തുടർന്ന്, 12/04/2010 മുതൽ 06/06/2010 വരെ ടിയാൾ പ്രസവാവധിയിലായിരുന്നു. എന്നാൽ, ഇതിനിടയിൽ 28/05/2010 മുതൽ 03/06/2010 വരെയുള്ള കാലയളവിൽ നടന്ന പ്രീസർവ്വീസ് പരീക്ഷയിൽ പങ്കെടുക്കുകയും ആയതിലെ റൂറൽ സോഷ്യോളജി എന്ന വിഷയത്തിൽ പാസ്സാകാൻ കഴിയാതെ വരുകയും ചെയ്തു. തുടർന്ന്, 04/06/2011 മുതൽ 11/08/2011 വരെ നടത്തിയ ഏഴാം പരിശീലന ബാച്ചിന്റെ പ്രീസർവ്വീസ് പരീക്ഷ സപ്ലിമെന്ററിയായി എഴുതി 11/08/2011-ന് ടിയാൾ പാസ്സാവുകയുണ്ടായി. പ്രസവാവധിയിലിരിക്കെ പാസ്സാകാൻ കഴിയാതിരുന്ന പരീക്ഷ പിന്നീടുള്ള ബാച്ചിനോടൊപ്പം പാസ്സായി എങ്കിലും ആദ്യ അവസരത്തിൽ എല്ലാ വിഷയവും പാസ്സാകാത്തതിനാൽ പരാമർശം (1) അടിസ്ഥാനമാക്കിയുള്ള അഡ്വൈസ് തീയതി സീനിയോരിറ്റി ടിയാൾക്ക് അനുവദിയ്ക്കുവാൻ കഴിയില്ലെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ടിയാൾ ഫയൽ ചെയ്ത കേസ് പരാമർശം (3)-ലെ വിധിന്യായത്തിലൂടെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തള്ളിക്കളഞ്ഞിരുന്നു. പ്രസ്തുത വിധിയ്ക്കെതിരായി ഫയൽ ചെയ്തിരുന്ന ഒ.പി (കെഎറ്റി) 184/2023-ന്റെ പരാമർശം (4) വിധിന്യായ പ്രകാരം ഹർജിക്കാരിയുടെ പി.എസ്.സി അഡ്വൈസ് തീയതി കണക്കാക്കി

സീനിയോറിറ്റി നിശ്ചയിക്കേണ്ടതാണെന്നും " **while revising the seniority list, if any promotion is already effected, that shall all be unsettled. For all other future purposes, this seniority shall be reckoned. It is brought to our notice that the Government had already taken a decision to reckon the date of PSC advice as the seniority date, and that is under challenge before the Tribunal. If the decision of the Government is upheld, necessarily, all consequential benefits should be restored to the petitioner as well. The petitioner should be considered for future promotion along with juniors who have been promoted along with the petitioner, for any other further promotion."** എന്നും ഖണ്ഡിക 9 ൽ ഉത്തരവായിട്ടുണ്ട്.

ശ്രീമതി. ലിൻഷ. എം തന്റെ പ്രീ-സർവ്വീസ് പരിശീലനകാലയളവിനിടയിൽ പ്രസവാവധിയിൽ പ്രവേശിക്കുകയും പ്രസവ അവധിയിൽ തുടരവെ പ്രീസർവ്വീസ് പരീക്ഷയുടെ എല്ലാ പേപ്പറുകളും എഴുതുകയും അതിൽ ഒരു വിഷയത്തിൽ പാസ്സാകാൻ കഴിയാതെ വരുകയും അടുത്ത അവസരത്തിൽ ആ വിഷയം പാസ്സാകുകയും ചെയ്തിട്ടുണ്ട്. പ്രസവവുമായി ബന്ധപ്പെട്ട ടിയാളുടെ അപ്പോഴത്തെ മാനസിക, ശാരീരിക അവസ്ഥ എന്നത് മറ്റുള്ള പരീക്ഷാർത്ഥികളുടെ അവസ്ഥയ്ക്ക് തുല്യമായി കണക്കാക്കാനാകില്ലെന്നും ആയതിനാൽ ടിയാൾക്ക് മറ്റുള്ളവരുടേതിന് തുല്യമായ അവസരം നിഷേധിക്കപ്പെട്ടിരിക്കുകയാണെന്നും ആയത് വിവേചനപരമാണെന്നും ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. കൂടാതെ, സമാന വിഷയവുമായി ബന്ധപ്പെട്ട് ഒ.എ.നം. 2421/2016 എന്ന കേസിലെ ബഹു.ട്രൈബ്യൂണൽ വിധിയും അനുബന്ധ വിഷയങ്ങളും കണക്കിലെടുത്ത് പ്രസവാവധിയുടെ ആനുകൂല്യം ഹർജിക്കാരിക്ക് ലഭിക്കേണ്ടതായുണ്ട് എന്നും, ടി അവസ്ഥയിൽ പരീക്ഷ പാസ്സാകാനാകാത്തത് ഒരു പ്രതിബന്ധമായി കണക്കാക്കുവാൻ കഴിയില്ല എന്നും, ആകയാൽ ഹർജിക്കാരിക്ക് അഡ്വൈസ് തീയതി കണക്കാക്കി സീനിയോറിറ്റി അനുവദിക്കണമെന്നും ഇത്തരത്തിൽ സീനിയോറിറ്റി അനുവദിച്ച് നൽകുമ്പോൾ ഇതിനോടകം അനുവദിച്ച് നൽകിയിട്ടുള്ള പ്രൊമോഷനുകളെ ബാധിക്കാത്ത രീതിയിൽ ആയത് നടപ്പാക്കണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. കൂടാതെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള കേസിൽ സർക്കാരിന്റെ തീരുമാനം ശരിവച്ച്കൊണ്ട് ഒരു ഉത്തരവുണ്ടാകുന്ന പക്ഷം അതിനെ തുടർന്നുള്ള എല്ലാ ആനുകൂല്യങ്ങളും ഹർജിക്കാരിക്കും പുനസ്ഥാപിച്ച് നൽകണമെന്നും ഭാവി പ്രൊമോഷനുകൾക്ക് ടിയാളെ പരിഗണിക്കുന്ന അവസരത്തിൽ ഹർജിക്കാരിയോടൊപ്പം പ്രൊമോഷൻ ലഭിക്കുന്ന ജൂനിയേഴ്സിനൊപ്പം തന്നെ ടിയാളെയും പരിഗണിക്കണമെന്നും ബഹു. കോടതി ഉത്തരവായിട്ടുണ്ട്.

സർക്കാർ മേൽ കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി. ലിൻഷ. എം-ന്റെ സീനിയോറിറ്റി പി.എസ്.സി അഡ്വൈസ് തീയതി കണക്കാക്കി അനുവദിച്ച് നൽകുവാനും, ഇതിനോടകം അനുവദിച്ച് നൽകിയിട്ടുള്ള പ്രൊമോഷനുകളെ ബാധിക്കാത്ത രീതിയിൽ ആയത് നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു. കൂടാതെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സീനിയോറിറ്റിയുമായി

ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള കേസിൽ സർക്കാരിന്റെ തീരുമാനം ശരിവച്ച്കൊണ്ട് ഒരു ഉത്തരവുണ്ടാകുന്ന പക്ഷം അതിനെ തുടർന്നുള്ള എല്ലാ ആനുകൂല്യങ്ങളും ടിയാൾക്ക് പുനസ്ഥാപിച്ച് നൽകണമെന്നും, ഭാവി പ്രൊമോഷനുകൾക്ക് ടിയാളെ പരിഗണിയ്ക്കുന്ന അവസരത്തിൽ ഹർജിക്കാരിയോടൊപ്പം പ്രൊമോഷൻ ലഭിയ്ക്കുന്ന ജൂനിയേഴ്സിനൊപ്പം തന്നെ ടിയാളെയും പരിഗണിയ്ക്കേണ്ടതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.P (KAT) No.184/2023 നമ്പർ കേസിന്റെ 04.12.2024-ലെ അന്തിമവിധിയിലെ നിർദ്ദേശങ്ങൾ ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീമതി.ലിൻഷ.എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I, മുല്ലശ്ശേരി ബ്ലോക്ക് ഓഫീസ്, തൃശ്ശൂർ ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
3) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
4) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media)
5) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 27-10-2025 12:12:18
സെക്ഷൻ ഓഫീസർ